3. 1986-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1986-ലെ 66-ാം നമ്പർ ഓർഡിനൻസ്).

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) ; സർ, ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 40-ാം നമ്പർ ഓർഡിനൻസ്).

2. 1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 63-ാം നമ്പർ ഓർഡിനൻസ്).

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, താഴെപറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 50-ാം നമ്പർ ഓർഡിനൻസ്).

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 1986-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 39-ാം നമ്പർ ഓർഡിനൻസ്)

2. 1986-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1986-ലെ 43-ാം നമ്പർ ഓർഡിനൻസ്).

3. 1986-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1986-ലെ 68-ാം നമ്പർ ഓർഡിനൻസ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ: സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986 ലെ 58-ാം നമ്പർ ഓർഡിനൻസ്).

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് (1986.ലെ 51-ാം നമ്പർ ഓർഡിനൻസ്).

VI. കായികതാരങ്ങൾക്ക് നിയമസഭയുടെ അഭിനന്ദനം

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ലോകകായികരംഗത്ത് ഇൻഡ്യയുടെ യശസ് ഉയർത്തിപ്പിടിച്ച കുമാരിമാർ പി. ടി. ഉഷ, ഷൈനി എബ്രഹാം, എം. ഡി. വൽസമ്മ എന്നിവരെ ഹാർദ്ദമായി നമുക്ക് അഭിനന്ദിക്കാം. ഏഷ്യയിലെ മികച്ച കായികപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട കുമാരി പി. ടി. ഉഷ നമ്മുടെ ഏവരുടേയും പ്രത്യേക പ്രശംസയ്ക്ക് അർഹയായിരിക്കുന്നു. ഈ ഉന്നതസ്ഥാനലബ്ധിക്ക് അവരെ പാപ്തരാക്കിയ പരിശീലകരായ ശ്രീ. ഒ. എൻ. നമ്പ്യാരേയും ശ്രീ. എ. കെ. കുട്ടിയേയും നമ്മുടെ അനുമോദനം നമുക്ക് അറിയിക്കാം. അതുപോലെതന്നെ വോളീബാൾ മൽസരത്തിൽ മികച്ചപ്രകടനം കാഴ്ചവച്ച സിറിൽവെള്ളൂർ, ജിമ്മിജോർജ്ജ് ഉടയകുമാർ എന്നിവരും അവരുടെ പരിശീലകരായ ശ്രീ. അച്യുതക്കുറുപ്പും;

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേതുമാധവനും ബാഡ്മിന്റണിലെ വിമൽകുമാറും നമ്മുടെ അഭിനന്ദനത്തിന് പാത്രമായിരിക്കുന്നു. ലോകത്തിന്റെ മുഴുവൻ അംഗീകാരം പിടിച്ചുപറ്റിയ ഈ താരങ്ങളുടെ മികച്ച പ്രകടനം കായികരംഗത്തെ പുതിയ പ്രതിഭകൾക്ക് പ്രചോദനവും ആത്മവിശ്വാസവും പകരട്ടേയെന്ന് നമുക്കു ആശംസിക്കാം.

VII. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഈ സമ്മേളനത്തിലെ പാനൽ ഓഫ് ചെയർമാൻമാരായി ശ്രീ. തോപ്പിൽരവി, ശ്രീ. സി. എസ്. തോമസ്, ശ്രീ. ഒ. ഭരതൻ എന്നിവരെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

VIII. നിയമ നിർമ്മാണം

1986-ലെ കേരള കമാൻഡ് ഏരിയ വികസന ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരളാ കമാൻഡ് ഏരിയാ വികസന ബിൽ ഞാൻ അവതരിപ്പിക്കുന്നു. കമാൻഡ് ഏരിയ വികസന ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരളാ കമാൻഡ് ഏരിയാ വികസന ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ സഭയെ അറിയിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ.....

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിയമസഭാ ചട്ടം 73 അനുസരിച്ച്, "A Bill involving expenditure shall be aacompanied by a Financial Memorandrum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law." ഈ ചട്ടപ്രകാരമുള്ള റികൃയർമെന്റ് സാറിസ്ഫൈ ചെയ്തിട്ടില്ല. ഞാൻ ഇത് പറയാൻ കാരണം ഇതിനുമുമ്പ് ഈ സഭയിൽതന്നെ 1985-ാം വർഷത്തിൽ 178-ാം നമ്പരായി ഇതേ ബിൽ ഈ സഭയിൽ ലീവ്കൊടുത്ത് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആ ബില്ലിൽ-ഫൈനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ-19 4-85-ലേക്കുള്ള ചെലവ് 170 ലക്ഷം രൂപയാണെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈയിനത്തിൽ 85 ലക്ഷം രൂപ തരുമെന്നും പറഞ്ഞിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഇപ്പോഴത്തെ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ-ഫൈനാഷ്യൽ മെമ്മോറാണ്ഡത്തിൽ-എന്ത് ചെലവ് വരുമെന്ന് കണക്കാക്കുവാൻ കഴിയുന്നില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. അതേയവസരത്തിൽ നമ്മുടെ കേരളാ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ ഒരു രേഖയിലെ പേജ് 39-ൽ ഫൈനാൻഷ്യൽ റികൃയർമെന്റ് 1984-85-ലേക്ക് ട്ടോട്ടലായി 1318 ലക്ഷം രൂപ വരുമെന്ന് പറയുന്നു. എന്നാൽ 1987-88-ലേക്കുള്ള റികൃയർമെന്റ് കാൽക്കുലേറ്റ് ചെയ്യാൻ കേരളാ ഗവൺമെന്റിന്റെ ലാ-ഡിപ്പാർട്ടുമെന്റിനു കഴിഞ്ഞിട്ടില്ലെന്നു വരുന്നത് വളരെ ഖേദകരമാണ്, കഷ്ടമാണ്. അതുകൊണ്ട് ഈ നിയമത്തിൽ നമ്മുടെ നടപടി ചട്ടങ്ങളനുസരിച്ചായിരിക്കണം ബില്ലുകൾ അവതരിപ്പിക്കേണ്ടത്.

അതുപോലെ മറ്റൊരു കാര്യം, 75 ഉപവകുപ്പ് (2) ഇന്ന് ഇവിടെ ഒരു ബിൽ നിലവിലിരിക്കുകയാണ്. ഉപവകുപ്പ് (2) Whenever an Ordinance, which embodies wholly or partly or with modification the

LIBRARY ARCHIVES Kerala Legislative Assembly